മുൻഘട്ടങ്ങളിലെ 130 കിലോമീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 PMGSY Schedule of Rate പ്രകാരം സംസ്ഥാന സർക്കാർ വിഹിതമായി 60.64 ലക്ഷം രൂപ അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Phase VIII ബാച്ച് 1-ലെ 194 റോഡുകൾക്ക് PMGSY SoR 2013 നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പദ്ധതിയുടെ തുടക്കം മുതൽതന്നെ (2006-07 മുതൽ) ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് തലത്തിൽ സാധന-വേതന ഘടകങ്ങളുടെ അനുപാതം 60:40 പാലിച്ചുകൊണ്ട് സാധന ഘടകം പ്രയോജനപ്പെടുത്തി മറ്റ് പ്രവൃത്തികൾക്കൊപ്പം റോഡുപണി ഏറ്റെടുക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറേയും ഒരു എംപവേർഡ് ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 14 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരേയും നിയമിച്ചിട്ടുണ്ട്.

സമഗ്ര നാളികേര വികസന പദ്ധതി

25 (*295) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാ ക്കുമോ ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി കേരഗ്രാമം എന്ന പദ്ധതി 2014-15 വർഷം മുതൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 2015-16 വർഷവും പദ്ധതി തുടരുന്നുണ്ട്.

(ബി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണു വളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗ ബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 100 എണ്ണംവരെ എന്ന ക്രമത്തിൽ നൽകുന്നതിന് 2 ലക്ഷം രൂപ അനുവദിക്കുന്നതാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിൽ 20 ഹെക്ടറിലേക്കായി 5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000 രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു കേരഗ്രാമത്തിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം യൂണിറ്റൊന്നിന് 10,000 രൂപ നിരക്കിൽ പരമാവധി ഒരു ലക്ഷം രൂപ നൽകുന്നതാണ്. പദ്ധതി പ്രവർത്തന ചെലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000 രൂപ പ്രകാരം 26 കേരഗ്രാമങ്ങൾക്ക് 2.6 ലക്ഷവും പഞ്ചായത്തുതല കേര സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി കേരഗ്രാമം ഒന്നിന് 10 ലക്ഷം രൂപ എന്ന നിരക്കിൽ 26 കേര ഗ്രാമങ്ങൾക്കായി 260 ലക്ഷം രൂപ പ്രകാരവും ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) കൃഷി വകുപ്പിന്റെ പ്രസ്തുത പദ്ധതിയുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/കാർഷിക കർമ്മ സേനാംഗങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവർ സഹകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരു കേരഗ്രാമത്തിന് 500 ഹെക്ടർ എന്ന കണക്കിൽ 26 പഞ്ചായത്തുകളിലായാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചതെങ്കിലും നാളികേര കൃഷി വിസ്തൃതി കൂടുതൽ പഞ്ചായത്തുകളിൽ തൊട്ടടുത്ത പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി ആകെ 50 പഞ്ചായത്തുകളിലായി പദ്ധതി നടപ്പിലാക്കിവരുന്നു.

പദ്ധതി നിർവ്വഹണത്തിലെ പരിഷ്കാരങ്ങൾ

26 (*296) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൊത്തം പദ്ധതി അടങ്കൽ തുകയുടെ 57.01 ശതമാനം മാത്രമാണ് 2013-14-ലും 47.32 ശതമാനം മാത്രമാണ് 2012-13-ലും ചെലവഴിച്ചതെന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനം 2014 രേഖപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതിച്ചെലവ് ഇത്രകണ്ട് കുറയുവാനുള്ള സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഈ സർക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾ പരാജയപ്പെട്ടുവെന്ന് കരുതുന്നുണ്ടോ ;

(ഡി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പദ്ധതിവിനിയോഗത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്.

(ബി) പദ്ധതിച്ചെലവിൽ കുറവ് വന്നിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2013-14-ൽ മൊത്തം അടങ്കൽ തുകയായ 1068126.30 രൂപയിൽ പദ്ധതി വിഹിതമായി (വികസന ഫണ്ട്) 505759.29 ലക്ഷം രൂപ അനുവദിച്ചതിൽ 391827.80 ലക്ഷം രൂപ (77.47%) ചെലവഴിക്കുകയും എന്നാൽ 2012-13-ൽ ഇവ യഥാക്രമം 387032.93 ലക്ഷം രൂപയും 274167.45 ലക്ഷം രൂപയും (70.84%) ചെലവഴിക്കുകയും ചെയ്തു. പദ്ധതിച്ചെലവ് 2012-13 വർഷത്തെ അപേക്ഷിച്ച് 2013-14-ൽ 6.63 ശതമാനം കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly